**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും അരി തുടർന്നും ലഭ്യമാക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം. 110/2021/ഭ.പൊ.വി.വ          തിരുവനന്തപുരം, തീയതി : 23.02.2021**

================================================================

പരാമർശം: 1) 06.03.2020 ലെ സ.ഉ (കൈ) നം.45/2020/ത.സ്വ.ഭ.വ.

2) 27.03.2020 ലെ സ.ഉ (സാധാ) നം.100/2020/ഭ.പൊ.വി.വ.

3) 24.04.2020 ലെ സ.ഉ.(കൈ) നം.114/2020/ഭ.പൊ.വി.വ.

4) കുടുംബശ്രീ ഡയറക്ടറുടെ 26.05.2020 ലെ 1606 ഡി/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

5) 23.06.2020 ലെ സ.ഉ.(സാധാ) നം.177/2020/ഭ.പൊ.വി.വ.

6) 15.02.2021 ൽ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

7) 17.02.2021 ലെ 1606/ഡി/2020/കെ.എസ്.എച്ച്.ഒ നമ്പർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും ഒന്നു വീതവും വലിയ നഗരസഭകളിൽ പത്ത് വാർഡുകൾക്ക് ഒന്ന് എന്ന ക്രമത്തിലും 25/- രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം അംഗീകാരം നല്കിയിരുന്നു. ഇതു പ്രകാരം ടി ഹോട്ടലുകൾ മുഖാന്തിരം ലഭ്യമാകുന്ന ഊണിന് വേണ്ടിവരുന്ന അരി കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും പെർമിറ്റ് പ്രകാരം ലഭ്യമാക്കാൻ പരാമർശം (2) പ്രകാരം ഉത്തരവാകുകയും കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടി പദ്ധതി 2020 മെയ് മാസം വരെ പരാമർശം (3) പ്രകാരം ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

എന്നാൽ ടി പദ്ധതി വീണ്ടും ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കുടുംബശ്രീ ഡയറക്ടർ പരാമർശം (4) പ്രകാരം കത്ത് നൽകുകയും കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് അരി നല്കുന്ന പദ്ധതി 2021 മാർച്ച് മാസം വരെയോ ടൈഡ് ഓവർ വിഹിതം അന്നവിതരൺ പോർട്ടലിൽ ഉൾപ്പെടുത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ തുടരാൻ പരാമർശം (5) പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ഉപയോഗിച്ച് സപ്ലൈകോയിൽ നിന്നും 24/- രൂപ നിരക്കിൽ അരിയും സബ്സിഡി നിരക്കിൽ പലവ്യഞ്ജനങ്ങളും വാങ്ങുന്നതിനുള്ള അനുമതിയും ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻ കീഴിൽ ഒന്നിലധികം ജനകീയ ഹോട്ടലുകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന വിഷയവും നിലവിലുള്ള പെർമിറ്റ് 2021 മാർച്ച് മാസം വരെ ദീർഘിപ്പിക്കുന്ന കാര്യവും പരിഗണിക്കുന്നതിന് പരാമർശം (6) മുഖേന തീരുമാനമെടുക്കുകയും ഇക്കാര്യത്തിൽ തുടർ നടപടികൾ

സ്വീകരിക്കണമെന്ന് പരാമർശം (7) മുഖേന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ദീർഘിപ്പിച്ചു നല്കുമ്പോൾ സംസ്ഥാനത്തെ വെള്ള റേഷൻ കാർഡുടമകൾക്ക് നൽകി വരുന്ന ടൈഡ് ഓവർ വിഹിതത്തിൽ ലഭ്യതക്കുറവ് വന്നാൽ അതിനു വേണ്ട അധിക ധാന്യം എഫ്.സി.ഐ യിൽ, നിന്ന് ഓപ്പൺ മാർക്കറ്റ് സ്കീം വഴി വാങ്ങുന്നതിനു വരുന്ന അധിക ബാധ്യത നികത്താൻ സിവിൽ സപ്ലൈസ് വകുപ്പിന് ആവശ്യമായ ധനസഹായം ലഭ്യമാക്കണമെന്ന നിബന്ധനയോടെയും, ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ ഒരു ജനകീയ ഹോട്ടലിനു മാത്രം പെർമിറ്റ് എന്ന വ്യവസ്ഥ ഒഴിവാക്കി സംസ്ഥാനത്തു ഒട്ടാകെ ആയിരം ഹോട്ടലുകൾക്കു പെർമിറ്റ് എന്ന് നിജപ്പെടുത്തിയും കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും അരി നൽകുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**മണിലാൽ ബി.എസ്.**

**അഡീഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:**

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ